(ബി) എങ്കിൽ പ്രസ്തുത റോഡ് പുനരുദ്ധരിച്ച് ഗതാഗതയോഗ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ;

(സി) സ്കൂളുകൾ, എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുന്ന ഈ റോഡ് എത്രയും വേഗം ഗതാഗത യോഗ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) നിവേദനം ലഭിച്ച മുറയ്ക്ക് ചേലക്കരയിലെ നിരത്തു ഉപവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം പരിശോധിക്കുകയും പുനഃരുദ്ധാരണത്തിന് വേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയും ചെയ്യുന്നു.

ദേശീയപാത വികസനം

238 (4870) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയതെപ്പോഴാണ്; പാതയുടെ അലൈൻമെന്റിന് രൂപം നൽകിയിട്ട് എത്ര കാലമായി;

(ബി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് വിവിധ ഭാഗങ്ങളിലായി എത്ര ആഫീസുകൾ സ്ഥാപിച്ചുവെന്നും ഇതുവരെ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) വികസനം എത്ര കാലം കൊണ്ട് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്;

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാത വികസനത്തിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയത് ദേശീയപാതാ വികസന അതോറിറ്റിയാണ്. പ്രസ്തുത ഏജൻസിയിൽ നിന്നും പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയ കാലയളവിനെ കുറിച്ച് ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

I. a) ദേശീയപാത 47-ൽ ചേർത്തല മുതൽ ഓച്ചിറ വരെയും (കി.മീ.379/100 മുതൽ കി.മീ. 465/000 വരെ) ഓച്ചിറ മുതൽ തിരുവനന്തപുരം വരെയും (കി.മീ 465/000 മുതൽ കി.മീ. 551/900 വരെ) നാലുവരിപ്പാതയാക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിയത് 8-3-2010-ലാണ്.

b) കഴക്കൂട്ടം മുതൽ കേരള-തമിഴ്നാട് അതിർത്തി വരെ (കി.മീ.0/100 മുതൽ കി.മീ. 43/000 വരെ) ബൈപ്പാസിന്റെ നിർമ്മാണത്തിന് ഡി.പി.ആർ. തയ്യാറാക്കിയത് 25-4-2008-ൽ ആണ്

II. ദേശീയപാത 17 ൽ ഇടപ്പള്ളി വരെ ദേശീയപാത വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ 2007-ലാണ് തയ്യാറാക്കിയത്.

III. ദേശീയപാത 47-ൽ വാളയാർ മുതൽ മണ്ണുത്തി വരെ 4/6 വരിപ്പാതയാക്കുവാൻ ഡി.പി.ആർ. തയ്യാറാക്കിയത് 2006-ൽ ആണ്.

IV. ദേശീയപാത 47-ൽ തൃശ്ശൂർ മുതൽ അങ്കമാലി വരെ നാലുവരിപ്പാതയാക്കുവാനും അങ്കമാലി മുതൽ ഇടപ്പള്ളി വരെയുള്ള ദേശീയപാതയുടെ നവീകരണത്തിനുമായി ഡി.പി.ആർ. തയ്യാറാക്കിയത് 2005- ലാണ്.

(ബി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സ്ഥാപിച്ച ഓഫീസുകളുടെയും തസ്തികകളുടെയും വിവരങ്ങൾ അടങ്ങിയ ഉത്തരവുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) മണ്ണുത്തി മുതൽ അങ്കമാലി വരെ 4 വരിപ്പാതയാക്കുന്നതും അങ്കമാലി മുതൽ ഇടപ്പള്ളി വരെ നവീകരണം നടത്തുന്നതും 4-12-2011-ൽ പൂർത്തിയാക്കിയിട്ടുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെ 6 വരിപ്പാതയാക്കാൻ 31-3-2016-ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. ദേശീയപാത 47-ൽ വാളയാർ മുതൽ വടക്കഞ്ചേരി വരെ നാലുവരിപ്പാതയാക്കുന്നത് 13-11-2015-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ദേശീയപാത 47-ൽ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള നാലുവരിപ്പാതയുടെ നിർമ്മാണത്തിന് ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. മുക്കോല മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള ഭാഗത്തെ സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ദേശീയപാതയ്ക്കുവേണ്ടി ഭൂമി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുക്കൽ നടപടികൾ അനിശ്ചിതമായി നീണ്ടു പോയതിനാൽ ദേശീയപാത 17-ലെ തലപ്പടി മുതൽ ഇടപ്പള്ളി വരെയും ദേശീയപാത 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ ദേശീയപാത വികസനത്തിൽ നിന്നും ദേശീയപാത അതോറിറ്റി പിൻവാങ്ങിയിരുന്നു. ഈ തീരുമാനം റദ്ദു ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 30-10-2014-ൽ ബഹുമാനപ്പെട്ട കേന്ദ്ര റോഡ് ഗതാഗത വകുപ്പ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കൂടാതെ 2-12-2014-ൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം സെക്രട്ടറിക്കും ഇതേ ആവശ്യം ഉന്നയിച്ച് ചീഫ് സെക്രട്ടറി കത്തയച്ചിട്ടുണ്ട്.

വാമനപുരം നിയോജക മണ്ഡലത്തിലെ പി.ഡബ്ലു.ഡി. റോഡുകളുടെ പട്ടിക

239 (4871) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പി.ഡബ്ലു.ഡി. റോഡുകളുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്; ഓരോ റോഡും എത്ര ദൂരമാണ് നന്നാക്കിയതെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്ര വീതമാണെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം ചിറ്റാർ (വി.സി.) റോഡ് എത്ര പ്രാവശ്യം അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്; ഇവയ്ക്ക് നാളിതുവരെ എത്ര രൂപ ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇപ്പോൾ ഭരണാനുമതി ലഭിച്ചിട്ടുള്ളതും എന്നാൽ പണി ആരംഭിക്കാൻ സാധിക്കാത്തതുമായ ഏതെല്ലാം റോഡുകളുണ്ട്; ഇവയ്ക്ക് എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്;

(ഇ) വാമനപുരം മണ്ഡലത്തിലെ ഇപ്പോൾ അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ ഏതെല്ലാമാണെന്നും ഇവയ്ക്ക് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly